II. **ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** (5 x 5 = 25)

26. ഇറ്റാലിയൻ നീയോ റിയലിസത്തിന്റെ പ്രധാന സവിശേഷതകൾ ഉദാഹരണങ്ങളോടെ വിവരിക്കുക.

27 വിഖ്യാത ചിത്രകാരൻ വിൻസെന്റ് വാൻഗോഗിന്റെ The Starry Night എന്ന ചിത്രത്തിൽ, ആകാശത്തിന്റെ തീവ്രതയും, നാട്ടിൻപുറത്തിന്റെ നിശബ്ദതയും കാണാം. ഈ ചിത്രത്തിന് ഒരു ശബ്ദഭാവരൂപം (soundscape) സൃഷ്ടിക്കേണ്ടിവന്നാൽ, നിങ്ങൾ ഉൾപ്പെടുത്താൻ തിരഞ്ഞെടുക്കുന്ന ശബ്ദങ്ങളും മാനസികാവസ്ഥകളും എന്തൊക്കെയായിരിക്കും? 'അകിറ കുറോസാവയുടെ "Dreams" എന്ന ചിത്രത്തിലെ 'Crows' എന്ന ഭാഗത്തിൽ, നായകൻ വാൻഗോഗിന്റെ ചിത്രങ്ങൾക്കുള്ളിലേക്ക് കടന്നുചെല്ലുന്നു. അത് പോലെ ഈ പേയ്ന്റിങ്ങിനെ മുൻനിർത്തി ഒരു ചെറിയ കഥ മൂന്ന് സീനിൽ തയ്യാറാക്കുക.



28. ഹേമ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്? അവ മലയാള സിനിമാ വ്യവസായത്തിലെ വനിതാ തൊഴിലും ഏജൻസിയും സംബന്ധിച്ച ചർച്ചകൾക്ക് തുടക്കം കുറിക്കുന്നതെങ്ങനെയാണ്?

29. 2015ൽ പുറത്തിറങ്ങിയ മഹേഷിന്റെ പ്രതികാരം എന്ന സിനിമയിൽ സൗബിന്റെ കഥാപാത്രമായ ക്രിസ്പിൻ, നിരവധി സിനിമകളിൽ മോഹൻലാൽ അവതരിപ്പിച്ച പ്രബല ജാതി വേഷങ്ങളെ സൂക്ഷ്മമായി പരിശോധിക്കുന്നു. മലയാള സിനിമയിലെ ജാതീയതയെയും സവർണ്ണ ആധിപത്യത്തെയും സൂക്ഷ്മാർഥത്തില് ചർച്ച ചെയ്യുക.

30. ഡോക്യുമെന്ററി സിനിമയിലെ പ്രതിനിധീകരണത്തിന്റെ രാഷ്ട്രീയത്തെ വിശകലനം ചെയ്യുക.

31. ഇന്ത്യയിലെ മുഖ്യധാര സിനിമയും ആർട്ട് ഹൗസ് സിനിമയും തമ്മിലുള്ള നറേറ്റീവ് ഘടനയെ താരതമ്യപ്പെടുത്തുക.

32. ഈ അടുത്തകാലത്ത് നിങ്ങൾ കണ്ട ചലച്ചിത്രത്തിന് ആസ്വാദനം തയ്യാറാക്കുക.

33 OTT യുടെ ആവിർഭാവവും കോവിഡ് കാലഘട്ടവും മലയാളിയുടെ ചലച്ചിത്രാസ്വാദന രീതിയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു എന്ന് പരക്കെ അഭിപ്രായമുണ്ട്. ഇതേക്കുറിച്ച് നിങ്ങളുടെ അഭിപ്രായം പങ്കുവയ്ക്കുക.

--***--

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

# എം. എ പ്രവേശനപരീക്ഷ – 2025

## ചലച്ചിത്രപഠനം

**കോഴ്സ് കോഡ് : MUE 25 FLS - 10**

1. പരീക്ഷാഹാളിൽ അച്ചടക്കം പാലിക്കേണ്ടതാണ്.
2. പരീക്ഷാജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാണ്. നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുന്നത് ഉൾപ്പടെ എല്ലാത്തരം പരീക്ഷാക്രമക്കേടും പരീക്ഷ അസാധുവാക്കുന്നതിന് കാരണമാകും.
3. ഉത്തരക്കടലാസ് അന്യോന്യം കൈമാറാൻ ശ്രമിക്കരുത്.
4. പരീക്ഷാഹാളിൽ മൊബൈൽ ഫോണിന്റെ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം അനുവദിക്കുന്നതല്ല.
5. രജിസ്റ്റർ നമ്പർ വ്യക്തമായി എഴുതി എന്ന് ഉറപ്പുവരുത്തുക.
6. ഉപയോഗിക്കുന്ന അഡീഷണൽ ഷീറ്റുകളുടെ എണ്ണം ഉത്തരക്കടലാസിൽ നിർദ്ദിഷ്ടസ്ഥാനത്ത് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
7. കുറഞ്ഞത് 20 മാർക്ക് കിട്ടിയെങ്കിൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ.
8. ഒരു മണിക്കൂർ കഴിയുമ്പോൾ ഒന്നാം വിഷയത്തിന്റെ പരീക്ഷയെഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.
9. രണ്ടു മണിക്കൂർ കഴിയുമ്പോൾ രണ്ടാം വിഷയത്തിന്റെ പരീക്ഷയെഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.

I. **1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം തെരഞ്ഞെടുത്തെഴുതുക** (01 x 25= 25)

1. ബാറ്റിൽഷിപ്പ് പൊട്ടെംകിൻ എന്ന സിനിമയെ സംവിധാനം ചെയ്തതാര്?
   a. സെർഗി ഐസൻസ്റ്റൈൻ
   b. ജീൻലൂക് ഗോദാർദ്
   c. ഓർസൻ വെൽസ്
   d. ഡി.ഡബ്ല്യു. ഗ്രിഫിത്ത്
2. 'മദർ ഇന്ത്യ' എന്ന ചിത്രത്തിൽ പ്രധാന കഥാപാത്രം അവതരിപ്പിച്ചത് ആര്?
   a. മീനാകുമാരി
   b. നർഗീസ്
   c. നൂതന്
   d. മധുബാല
3. "ഓഥർ" എന്ന ആശയം ഏത് ദേശീയ ചലച്ചിത്രത്തോടാണ് ബന്ധപ്പെട്ടത്?
   a. ഇന്ത്യൻ
   b. ഫ്രഞ്ച്
   c. ജർമൻ
   d. ഇറ്റാലിയൻ
4. ആദ്യമായി ഫീച്ചർ സിനിമ സംവിധാനം ചെയ്ത ഇന്ത്യൻ വനിത ആര്?
   a. മീരാ നായർ
   b. അപർണ സെൻ
   c. ഫാത്മാ ബീഗം
   d. ദീപാ മേത്ത
5. റാഷോമോൺ സംവിധാനം ചെയ്തത് ആര്?
   a. യസുജിറോ ഒസു (Yasujiro Ozu)
   b. കെൻജി മിസോഗുച്ചി (Kenji Mizoguchi)
   c. അകിര കുറൊസാവ (Akira Kurosawa)
   d. തകേഷി കിറ്റാനോ (Takeshi Kitano)
6. ഇന്ത്യൻ സിനിമയുടെ പിതാവ് എന്നാണ് ആരെ അറിയപ്പെടുന്നത്?
   a. സത്യജിത് റേ
   b. ബി.ആർ. ചോപ്ര
   c. ദാദാസാഹെബ് ഫാൽക്കെ
   d. രാജ് കപൂർ
7. ഇന്ത്യയിലെ ഏറ്റവും വലിയ ചലച്ചിത്രോത്സവം ഏതാണ്?
   a. ഗോവ രാജ്യാന്തര ചലച്ചിത്രോത്സവം (IFFI)
   b. മുംബൈ ഫിലിം ഫെസ്റ്റിവൽ
   c. ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള (IFFK)
   d. ഒസിയാൻ ഫിലിം ഫെസ്റ്റ്
8. മോണ്ടാഷ് സാങ്കേതികത്വം ഏറ്റവും വളർത്തിയെടുത്തത് ഏത് ചലച്ചിത്ര സ്കൂളിലാണ്?
   a. സോവിയറ്റ് സിനിമ
   b. ഹോളിവുഡ്
   c. ഫ്രഞ്ച് ന്യൂവേവ്
   d. ജർമൻ എക്സ്പ്രഷനിസം
9. 'പിറവി' എന്ന ചിത്രത്തിന്റെ സംവിധായകൻ ആര്?
   a. ജി. അരവിന്ദൻ
   b. ഷാജി എൻ. കരൺ
   c. രവി വർമ്മൻ
   d. അടൂർ ഗോപാലകൃഷ്ണൻ
10. ഓസ്കാർ നോമിനേറ്റായ ഇന്ത്യൻ ഡോക്യുമെന്ററി ഏതാണ്?
   a. റൈറ്റിംഗ് വിത്ത് ഫയർ
   b. കാട്ടിയബാസ്
   c. അൻ ഇൻസിഗ്നിഫിക്കന്റ് മാൻ
   d. റാം കി നാം
11. തമ്പ് എന്ന മലയാളചിത്രം സംവിധാനം ചെയ്തത് ആര്?
   a. ജി. അറവിന്ദൻ
   b. ജോൺ എബ്രാഹം
   c. അടൂർ ഗോപാലകൃഷ്ണൻ
   d. ലെനിൻ രാജേന്ദ്രൻ
12. 'കയേ ദു സിനിമ' എന്ന പ്രശസ്ത ചലച്ചിത്ര ജേണൽ ഏതു രാജ്യത്ത്. നിന്നാണ് പ്രസിദ്ധീകരിച്ചിരുന്നത്?
   a. ഫ്രാൻസ്
   b. ജർമ്മനി
   c. ഇറ്റലി
   d. അമേരിക്ക
13. "റാം കെ നാം" എന്ന ഡോക്യുമെന്ററിയുടെ സംവിധായകൻ ആര് ?
   a. ആനന്ദ് പട്വർദ്ധൻ
   b. രാകേഷ് ശർമ്മ
   c. അമുദൻ
   d. കെ പി ശശി



14. മലയാളസിനിമയിലെ പ്രശസ്ത നടി ഉർവശി തിരക്കഥയെഴുതി അഭിനയിച്ച ചിത്രങ്ങളിൽ ഒന്നാണ് പിടക്കോഴി കൂവുന്ന നൂറ്റാണ്ട്. അതുപോലെ, അവർ തിരക്കഥയെഴുതിയ മറ്റ് ചിത്രങ്ങൾ ഏതൊക്കെയാണ്,?
   a. ഉൽസവമേളം
   b. കമലദളം
   c. ആയുഷ്കാലം
   d. പ്രിയപ്പെട്ട കുക്കു
15. സക്കറിയയുടെ 'ഭാസ്കരപട്ടേലരും എന്റെ ജീവിതവും' എന്ന കഥയുടെ ചലച്ചിത്രാവിഷ്ക്കാരം ഏത് ?
   a. അനന്തരം
   b. വിധേയൻ
   c. മതിലുകൾ
   d. നിർമ്മാല്യം
16. മികച്ച ചലച്ചിത്ര സംവിധാനത്തിനുള്ള അക്കാദമി അവാർഡ് 2025 ൽ ലഭിച്ച വ്യക്തി ആര്?
   a. ഗ്രെറ്റ ഗെർവിഗ്യ.
   b. ക്രിസ്റ്റഫർ നോലൻര
   c. ഷോൺ ബേക്കർ
   d. ബ്രാഡി കോർബറ്റ്
17. "ഓൾ വി ഇമാജിൻ ആസ് ലൈറ്റ്" എന്ന ചലച്ചിത്രം സംവിധാനം ചെയ്തത് ആര്?
   a. പായൽ കപാഡിയ
   b. മീര നായർ
   c. അപർണ സെൻ
   d. അനസൂയ സെൻഗുപ്ത
18. ഏത് ഇന്ത്യൻ വെബ് സീരീസിനാണ് ആദ്യമായി അന്താരാഷ്ട്ര Emmy അവാർഡ് ലഭിച്ചത്?
   a. സേക്രഡ് ഗെയിംസ്
   b. ഡെൽഹി ക്രൈം
   c. പാതാൾ ലോക്
   d. മെയ്ഡ് ഇൻ ഹെവൻ
19. ആരുടെ നോവലിനെ ആധാരമാക്കിയാണ് "ദി ഗൈഡ്" എന്ന ചലച്ചിത്രം വിജയ് ആനന്ദ് സംവിധാനം ചെയ്തത്?
   a. മുൽക്ക് രാജ് ആനന്ദ്
   b. ഖുഷ്വന്ത് സിങ്ങ്
   c. ആർ.കെ. നാരായൺ
   d. ബിഭൂതി ഭൂഷൺ ബന്ദോപാദ്ധ്യായ
20. 2025 ലെ ജെ സി ഡാനിയേൽ അവാർഡ് നേടിയത് ആര്?
   a. ടി വി ചന്ദ്രൻ
   b. ഷാജി എൻ കരുൺ
   c. അടൂർ ഗോപാലകൃഷ്ണൻ
   d. ഐ വി ശശി
21. 'മയനാദി' എന്ന മലയാളം സിനിമ ഏതു പ്രശസ്ത ഫ്രഞ്ച് സിനിമയുടെ അഡാപ്റ്റേഷൻ ആണ്?
   a. Alphaville
   b. Pierrot lev
   c. Breathless
   d. Weekend
22. ഉറൂബ് എഴുതിയ നീലക്കുയിൽ എന്ന പ്രശസ്ത സിനിമ പി ഭാസ്കരനോടൊപ്പം സംവിധാനം ചെയ്തത് ആര്?
   a. കെ എസ് സേതുമാധവൻ
   b. രാമു കാര്യാട്ട്
   c. എം കൃഷ്ണൻ നായർ
   d. പി എ ബക്കർ
23. 2024 ലെ 'ഹോളിവുഡ് മ്യൂസിക്ക് ഇൻ മീഡിയ അവാർഡിൽ പുരസ്കൃതമായ മലയാള സിനിമാ ഗാനം ഇവയിലേത് ?
   a. ബനാനേ
   b. പെരിയോനെ
   c. ഇല്ലുമിനാറ്റി
   d. ന്യാപകം
24. മലയാളത്തിലെ ആദ്യ ബ്ലോക്ക്ബസ്റ്റർ ചലച്ചിത്രം
   a. മാർത്താണ്ഡവർമ്മ
   b. ബാലൻ
   c. ജ്ഞാനസുന്ദരി
   d. ജീവിതനൗക
25. ആദ്യ ഇന്ത്യൻ 3D ചലച്ചിത്രം.
   a. മൈ ഡിയർ കുട്ടിച്ചാത്തൻ
   b. അലാദിൻ
   c. മഹാഭാരത്
   d. റോഡ് സൈഡ് റോമിയോ